കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ നടപടി

3(*213) ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലത്തകർച്ചയെയും പ്രകൃതിദുരന്തങ്ങളെയും നേരിടേണ്ടിവന്നതുമൂലം കഷ്ടതയനുഭവിക്കുന്ന സംസ്ഥാനത്തെ കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആവശ്യത്തോട് കേന്ദ്രത്തിന്റെ സമീപനം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) കർഷകരുടെ കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ എത്ര കാലത്തേക്ക് എന്നു വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ,

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കഴിഞ്ഞ വർഷം 2001 ഡിസംബർ 29-ന് കാർഷിക കടങ്ങൾക്ക് സംസ്ഥാനസർക്കാർ മോറട്ടോറിയം പ്രഖ്യാപിക്കുകയുണ്ടായി. വീണ്ടും മറ്റൊരു പ്രഖ്യാപനത്തെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. കെ. ബാബു : സർ, ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾ റീ-ഷെഡ്യൂൾ ചെയ്യാൻ കേന്ദ്രഗവൺമെന്റ് എന്തെങ്കിലും സ്കീം തയ്യാറാക്കിയിട്ടുണ്ടോ, സ്റ്റേറ്റ് ഗവൺമെന്റ് അക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, നമ്മുടെ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം വരുന്നതിനു മുൻപുതന്നെ കടാശ്വാസനിയമം പാസ്സാക്കിയതിനുശേഷം ബാങ്കേഴ്സ് മീറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടുകയുണ്ടായി. ഞാനും അതിൽ പങ്കെടുത്തിരുന്നു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യൂണിയൻ ബാങ്കും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും മുന്നോട്ടുവരികയുണ്ടായി. അവർ കാർഷിക കടങ്ങൾ റീ-ഷെഡ്യൂൾ ചെയ്യുകയുണ്ടായി. അത് സംസ്ഥാന ഗവൺമെന്റിന്റെ നടപടിയാണ്, കേന്ദ്ര ഗവൺമെന്റ് കാർഷിക കടനിവാരണമൊന്നും കൊണ്ടുവന്നിട്ടില്ല. കേന്ദ്ര ഗവൺമെന്റ് നിയമം ഒന്നും കൊണ്ടുവന്നിട്ടില്ല, പക്ഷേ റിസർവ്വ് ബാങ്ക് ഒരു സ്കീം കൊണ്ടുവന്നു. 15-11-2002-ലെ ആ സ്കീം എന്നുപറയുന്നത് 2002-2003 കാലഘട്ടത്തിൽ എടുത്തിട്ടുള്ള കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

കടങ്ങളാണ്. ആ കാർഷിക കടങ്ങൾക്ക് ഒരു വർഷത്തെ മോറട്ടോറിയം റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ നൽകുകയുണ്ടായി എന്നുമാത്രമല്ല, മോറട്ടോറിയം പീരിഡ് കഴിഞ്ഞാൽ പിന്നെയും അഞ്ചുവർഷം കൂടി നൽകി, ആ അഞ്ചുവർഷത്തിനകം കടം തിരിച്ചുകൊടുത്താൽ മതി എന്നുള്ളതായിരുന്നു നിർദ്ദേശം. അത് വീക്കർ സെക്ഷനെ സംബന്ധിച്ചിടത്തോളമാണ്. മറ്റുള്ളവർക്ക് നാലുവർഷത്തിനകം തിരിച്ചുകൊടുത്താൽ മതി എന്നായിരുന്നു റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം. എല്ലാ ഷെഡ്യൂൾഡ് ബാങ്കുകാർക്കും, കൊമേഴ്സ്യൽ ബാങ്കുകാർക്കും റിസർവ്വ് ബാങ്ക് ഇങ്ങനെ നിർദ്ദേശം കൊടുത്തു. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2002-2003 കാലഘട്ടത്തിൽ കാർഷിക കടങ്ങൾ എടുത്തിട്ടുള്ള ആളുകൾക്ക് കുറേയൊക്കെ ആശ്വാസം കൊടുക്കുകയും ഉണ്ടായി.

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്ത് പാസ്സാക്കിയ കടാശ്വാസ നിയമം നിയമമായി നടപ്പിലാകാൻ കാലതാമസം ഉണ്ടാകുന്നതുകൊണ്ട് കുറേ കൃഷിക്കാർക്കെങ്കിലും അതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല, ഇത് ഇനിയും എക്സ്റ്റൻഡ് ചെയ്യാൻ എന്തെങ്കിലും ആലോചന ഗവൺമെന്റിനുണ്ടോ എന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ.എം. മാണി : സർ, തെറ്റിദ്ധാരണയുടെ ഫലമായിട്ടാണ് ഉണ്ടായിട്ടുള്ളത്, ഒരു കാലതാമസവും ഉണ്ടായിട്ടില്ല. ഉദാഹരണമായിട്ട് പറഞ്ഞാൽ ഈ കടനിവാരണ നിയമം നിയമസഭ പാസ്സാക്കിയത് 2001 ഡിസംബർ 29-ാം തീയതിയാണ്. ഫെബ്രുവരി മാസം 28-ാം തീയതി രണ്ടുമാസം കൊണ്ട് റൂൾ പുറപ്പെടുവിച്ചു എൻ. ജി. ഒ. സമരമായിരുന്നു, ആണ്. സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സമരം ആയിരുന്നിട്ടുപോലും 'ആക്ട് പാസ്സായി രണ്ടുമാസത്തിനകം റൂൾ പ്രസിദ്ധീകരിച്ചു. അതിന്റെ ഫലമായിട്ട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്തിരിക്കുന്ന കടക്കാർക്ക് നാലുമാസ സമയം ഉണ്ടായിരുന്നു അപേക്ഷ കൊടുക്കാൻ. ഗവൺമെന്റിൽ നിന്നും കടം എടുത്തിരിക്കുന്ന കൃഷിക്കാർക്ക് പത്തുമാസം ഉണ്ടായിരുന്നു അപേക്ഷ കൊടുക്കാൻ. അപ്പോൾ അപേക്ഷ കൊടുക്കാൻ സമയം ഇല്ലായിരുന്നു എന്നുപറയുന്നത് വെറുമൊരു ഫിക്ഷനാണ് അത് ശരിയല്ല, അതുകൊണ്ട് സമയം ഇഷ്ടംപോലെ കിട്ടിയിരുന്നു, അതുകൊണ്ട് ഇനി വ്യാപിപ്പിക്കണമോ എന്നുള്ളത് വേറെ നയപരമായ കാര്യമാണ്. ഇപ്പോൾ തൽക്കാലം ഗവൺമെന്റിന് അങ്ങനെ ഒരു ഉദ്ദേശമില്ല.

ശ്രീ. വി. ബാലറാം : സർ, നമ്മൾ എറണാകുളത്തു നടത്തിയ ജിമ്മിൽ വ്യാവസായിക വികസനത്തിന് ആവശ്യമായിട്ടുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി, കേരളത്തിൽ കഷ്ടത അനുഭവിക്കുന്ന ലക്ഷോപലക്ഷം വരുന്ന കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു ആശ്വാസ പദ്ധതിയോ അല്ലെങ്കിൽ അവർക്കൊരു പുതിയതായിട്ടുള്ള അഗ്രോ ബേസ്ഡ് ഇൻഡസ്ട്രീയോ തുടങ്ങാനുള്ള സംവിധാനമൊന്നും പുതുതായിട്ട് കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് ഈ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പാവപ്പെട്ട കർഷകർക്ക് ഇപ്പോൾ ഖാദിബോർഡും, ഹൗസിംഗ് ബോർഡും, കാർഷിക വികസന ബാങ്കും ഒക്കെ ചെയ്യുന്നതുപോലെ പിഴപ്പലിശയെങ്കിലും ഒഴിവാക്കിക്കൊടുക്കാനുള്ള ഒരു സംവിധാനം നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ഈ പറഞ്ഞ കാര്യം സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കി കഴിഞ്ഞിരിക്കുന്നു. ഇവിടത്തെ നിയമസഭ പാസ്സാക്കിയ കട നിവാരണ നിയമമനുസരിച്ച് അതിന് ഒരു കണ്ടീഷൻ ഉണ്ട്, മോറട്ടോറിയത്തിനു പുറമെ പലിശയിളവ്, പിഴപ്പലിശയിളവ്, അതുകഴിഞ്ഞ് മോറട്ടോറിയം പീരിഡ് കഴിഞ്ഞ് 30 തവണയും കൂടിയാണ് കൊടുക്കുന്നത്. അതെല്ലാം നമ്മൾ നടപ്പിലാക്കി കഴിഞ്ഞു. ഒരു പ്രശ്നം ഇനിയും ഇതുപോലെ ഒരു മോറട്ടോറിയം വീണ്ടും കൃഷിക്കാർക്ക് കൊടുക്കണമോ വേണ്ടയോ എന്നുള്ളതാണ്. എത്ര സഹായം കൊടുത്താലും കൃഷിക്കാർക്ക് നല്ലതാണ്. പക്ഷെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക പരിമിതിയുള്ളതുകൊണ്ട് അതിനെപ്പറ്റി കട്ടായം ഒരുത്തരം പറയാൻ എനിക്ക് നിർവ്വാഹമില്ല.

ശ്രീ. വി. ബാലറാം : സർ, കാർഷിക വിളകൾക്ക് വിലയിടിവ് ഉണ്ടായിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു, അതിൽ നിന്നും അൽപ്പം മാറ്റം ഇപ്പോൾവന്നിട്ടുണ്ട്. എങ്കിലും കാർഷിക വിളകൾക്ക് ഉണ്ടായിട്ടുള്ള വിലയിടിവിന്റെ ഫലമായി ആത്മഹത്യവരെ ചെയ്യേണ്ടിവന്ന കുടുംബങ്ങൾ ഉണ്ട്. അത്തരം പാവപ്പെട്ട കുടുംബങ്ങളെയെങ്കിലും രക്ഷിക്കാൻ വേണ്ടി അവരുടെ കടമെങ്കിലും എഴുതിത്തള്ളുവാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ ; അതിനാവശ്യമായിട്ടുള്ള സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്താൻ സർക്കാർ ശ്രമിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ച് ഞാൻ പറഞ്ഞല്ലോ, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്ന റിസർവ്വ് ബാങ്ക് ഇങ്ങനെ ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്, നല്ല കാര്യമാണ്, വേണമെങ്കിൽ കടങ്ങൾ എല്ലാം എഴുതിതള്ളാനായിട്ട് നിർദ്ദേശം കൊടുക്കാൻ കേന്ദ്ര ഗവൺമെന്റിന് എഴുതാം. അതിൽ ബുദ്ധിമുട്ടൊന്നുമില്ല. അഭിപ്രായം നല്ലതാണ്, കൃഷിക്കാർക്കും നല്ലതാണ്, പക്ഷെ സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതാണ് പ്രതിബന്ധം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പണ്ട് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ ഒരു തീരുമാനം എടുക്കുകയും ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അത് ഉണ്ടായേക്കുമെന്ന പ്രതീക്ഷയോടുകൂടി നമ്മുടെ കൃഷിക്കാരിൽ പലരും കടം അടയ്ക്കുന്നതിനുവേണ്ടി ഒരു സാവകാശം കാത്തിരിക്കുകയും ചെയ്തിരുന്നു. അവസാനം കടം എഴുതിതള്ളാതെ വരികയും, പലിശയും പിഴപ്പലിശയുമടക്കം അന്ന് വൻപിച്ച ഒരു തുക കൊടുക്കേണ്ടി വരികയും ചെയ്തു. അങ്ങനെയുള്ള പാവപ്പെട്ട കർഷകരാണ് പിന്നീട് ജീവിതനൈരാശ്യം കൊണ്ട് ആത്മഹത്യയിലേയ്ക്കും, അതുപോലുള്ള സാഹചര്യത്തിലേയ്ക്കും പോയിട്ടുള്ളത്. ഇങ്ങനെയുള്ള ആളുകൾക്ക് ഒരു വൺ ടൈം സെറ്റിൽമെന്റ് എന്നുള്ളനിലയിലെങ്കിലും, ഈ തുക മുഴുവൻ അടയ്ക്കാൻ അവർ തയ്യാറാണെന്നുവരികിൽ അവർക്ക് പലിശയും, പിഴപ്പലിശയും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടി മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ ചെയ്യുന്നതുപോലെ ഇവിടെയും ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി: സർ, ഇവിടെ ബാങ്കുകളെ സംബന്ധിച്ചിടത്തോളം നോൺ പെർഫോമിംഗ് അസ്സറ്റ്സിനെ സംബന്ധിച്ചിടത്തോളം ബാങ്കുകൾ അങ്ങനെ ചില നീക്കുപോക്കുകളൊക്കെ ചെയ്യുന്നുണ്ട്. അവർക്ക് വേണമെങ്കിൽ അത് റീ-ഷെഡ്യൂൾ ചെയ്യാം, പുതിയ കടമായിട്ട് കൊടുക്കാം. ചിലപ്പോൾ ചിലതൊക്കെ എഴുതിത്തള്ളുന്നുണ്ട്. അങ്ങനെയുള്ള ചില നടപടികൾ ഉണ്ട്. ഏതായാലും കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന ഗവൺമെന്റ് എഴുതാം. നമ്മുടെ കാർഷിക കടങ്ങളൊക്കെ എഴുതിത്തള്ളുന്ന കാര്യങ്ങൾക്ക് വേണ്ട അടിയന്തര നടപടികൾ എടുക്കണമെന്നു കാണിച്ച് കേന്ദ്രഗവൺമെന്റിലേക്ക് എഴുതാം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യോത്തരങ്ങൾ

വെളിച്ചെണ്ണയുടെ വ്യാവസായിക ഉപയോഗങ്ങളെ സംബന്ധിച്ച പഠനം

4 (*214) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെളിച്ചെണ്ണയുടെ വ്യവസായിക ഉപയോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ പദ്ധതികളിൽ വെളിച്ചെണ്ണയുപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ;

(സി) ഇതുമൂലം വെളിച്ചെണ്ണയുടെ ആഭ്യന്തര ഉപയോഗം എത്രകണ്ട് വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ & ബി) എഞ്ചിൻ ഓയിലിന് പകരം വെളിച്ചെണ്ണ ചില ഓട്ടോറിക്ഷകളിലും ഇരുചക്രവാഹനങ്ങളിലും ഉപയോഗിക്കുന്നു എന്നറിഞ്ഞതിനെ തുടർന്ന് ഇതേക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നതിനു കേരള കാർഷിക സർവ്വകലാശാലക്ക് നിർദ്ദേശം നൽകുകയും ഇതനുസരിച്ച് പഠനങ്ങൾ തുടങ്ങുകയും ചെയ്തു. പ്രാരംഭ പഠനത്തിൽ വെളിച്ചെണ്ണ മേൽപ്പറഞ്ഞ എഞ്ചിനുകളിൽ ഇപ്പോൾ സ്ഥിരമായി ഉപയോഗിക്കുന്ന മറ്റ് ഓയിലുകളുമായി ഒരു താരതമ്യം നടത്തുകയുണ്ടായി. വെളിച്ചെണ്ണയ്ക്ക് ചില ഗുണങ്ങൾ കൂടുതൽ ഉള്ളതായി കാണുകയുണ്ടായി. ഇതുസംബന്ധിച്ചു കൂടുതൽ പഠനങ്ങൾ നടത്തിവരികയാണ്. കൂടാതെ നാളികേര വികസന ബോർഡ് കൊച്ചി ശാസ്ത്ര

LIBRARY ARCHIVES Kerala Legislative Assembly